

08-02-2022

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-08/02/2022

1. ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം 2021-2022 ൽ ഡിജിറ്റൽ വീഡിയോ മത്സരത്തിന് (ടി.വി.ചാനൽ വിഭാഗം) എൻട്രികൾ ക്ഷണിക്കുന്നു. പ്രൊഫഷണൽ വിഭാഗത്തിൽ കേരളത്തിലെ അംഗീകൃത ടി.വി.ചാനലുകളിൽ, 2020 - 2021 ൽ ജൈവകൃഷി എന്ന ആശയം ഉൾക്കൊണ്ട് സംപ്രേക്ഷണം ചെയ്ത വീഡിയോയുടെ സംവിധായകരാണ് ഇതിനായി അപേക്ഷിക്കേണ്ടത്. സംപ്രേക്ഷണം ചെയ്ത ചാനലിന്റെ ലോഗോയും, വാട്ടർമാർക്കും, വീഡിയോയിൽ ഉണ്ടായിരിക്കണം, പ്രസ്തുത വീഡിയോ, സംപ്രേക്ഷണം ചെയ്ത ദിവസവും ചാനലിൽ സംപ്രേക്ഷണം ചെയ്തു എന്ന് ചാനൽ മേധാവിയുടെ സർട്ടിഫിക്കറ്റും ഹാജരാക്കണം. കേരളത്തിനുള്ളിലുള്ള ലൊക്കേഷൻ ആയിരിക്കണം. ഒന്നാം സമ്മാനം 25,000/- രൂപയും, രണ്ടാം സമ്മാനം 20,000/- രൂപയും, മൂന്നാം സമ്മാനം 15,000/- രൂപയുമാണ്. എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 18 ആണ്. എൻട്രികൾ അയയ്ക്കേണ്ട വിലാസം : **എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 695003** എന്ന വിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് വഴി നേരിട്ടോ അല്ലെങ്കിൽ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ അയയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 – 2314358, 9383470289** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. റബ്ബർ (പ്രൊമോഷൻ & ഡെവലപ്മെന്റ്) ബിൽ 2022-ന്റെ പുതിയ നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നാളെ വരെ സമർപ്പിക്കാവുന്നതാണ്. കരടു ബില്ലിന്റെ കോപ്പി കൊമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെയും (https://commerce.gov.in) റബ്ബർ ബോർഡിന്റെയും (http://rubberboard.gov.in) വെബ് സൈറ്റുകളിൽ ലഭ്യമാണ്. നിർദ്ദേശങ്ങൾ സെക്രട്ടറി, റബ്ബർബോർഡ്, സബ് ജയിൽ റോഡ്, കോട്ടയം-686002 എന്ന വിലാസത്തിലോ secretary@rubberboard.org.in എന്ന ഇമെയിലായോ അറിയിക്കാവുന്നതാണ്.

3. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അലങ്കാര കോഴി ഒന്നിന് 85 രൂപ നിരക്കിലും, കടക്നാഥ് ഒന്നിന് 35 രൂപ നിരക്കിലും, നേക്കഡ് നെക്ക്, തലശ്ശേരി ഇനത്തിൽ പെട്ട

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോഴികൾക്ക് ഒന്നിന് 22 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. വെള്ളായണി കാർഷിക കോളേജിലെ ബയോകൺട്രോൾ ലബോറട്ടറിയിൽ നിന്നും **മിത്രപ്രാണികളുടെ മുട്ടകാർഡ് അഥവാ ട്രൈക്കോ കാർഡുകൾ** ലഭ്യമാണ്. നെല്ലിന്റെ തണ്ടുതുരപ്പൻ പുഴു, ഓലചുരുട്ടിപ്പുഴു, പച്ചക്കറി വിളകളിലും മറ്റു വിളകളിലും കാണുന്ന പുഴുവർഗ്ഗ കീടങ്ങൾ എന്നിവയ്ക്കെതിരെ ട്രൈക്കോകാർഡുകൾ ഫലപ്രദമാണ്. ഒരു കാർഡിന് 50 രൂപയാണ് വില. ഒരു ഹെക്ടർ നെൽകൃഷിയ്ക്ക് ഒറ്റത്തവണ ഉപയോഗിക്കാൻ 250 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് **9645136567, 9446378182** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലക്കു കീഴിൽ പൂക്കോട് പ്രവർത്തിച്ചു വരുന്ന മൃഗചികിത്സാ പഠന സമുച്ചയത്തിൽ കർഷകമിത്ര മെഡിക്കൽ സ്റ്റോർ പ്രവർത്തനമാരംഭിച്ചിരിക്കുന്നു. മൃഗചികിത്സക്കാവശ്യമായ എല്ലാവിധ മരുന്നുകളും, അനുബന്ധവസ്തുക്കളും മിതമായനിരക്കിൽ ലഭ്യമാക്കുക എന്നലക്ഷ്യത്തോടെയാണ് മെഡിക്കൽ സ്റ്റോർ ആരംഭിച്ചിരിക്കുന്നത്. ആശുപത്രി പ്രവർത്തന സമയങ്ങളിൽ മെഡിക്കൽ സ്റ്റോർ സേവനം ലഭ്യമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **9447153448** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടികൾ

6. കേരള കാർഷിക സർവ്വകലാശാല, സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണുത്തിയിൽ **സംയോജിത കൃഷി സമ്പ്രദായം** എന്ന വിഷയം അടിസ്ഥാനപ്പെടുത്തി **ഫെബ്രുവരി 18 മുതൽ 23** വരെ കർഷകർക്കും കാർഷിക സംരംഭകർക്കും പൊതുജനങ്ങൾക്കും സൗജന്യ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. https://forms.gle/r8SbsSCZsp5d27656 എന്ന ലിങ്കിലൂടെ പരിശീലന പരിപാടിയിൽ **ഫെബ്രുവരി 13** വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ ഇന്ന് (ഫെബ്രുവരി 08) രാവിലെ 11 മണി മുതൽ **കന്നുകാലികളിലെ വേനൽക്കാല പരിചരണം** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ ഇന്ന് (ഫെബ്രുവരി 8-ന്) രാവിലെ

10.30 വരെ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9947775978** എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയും പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലനകേന്ദ്രത്തിൽ ഈ മാസം 14,15 തീയതികളിൽ **മുട്ടക്കോഴി വളർത്തലിലും**, 21,22 തീയതികളിൽ **ആട് വളർത്തലിലും** ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0479 – 2457778** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **'സോയിൽ ഹെൽത്ത് മാനേജ്മെൻറ്'** എന്ന ഓൺലൈൻ വിദൂര പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ആണ് പഠന മാദ്ധ്യമം . താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു submit ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഫെബ്രുവരി 24 ആണ്. കോഴ്സുകൾ 2022 ഫെബ്രുവരി 25 ന് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾ www.celkau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും **7559070461, 9497353389, 9567190858** എന്നീ ഫോൺ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ **ഫെബ്രുവരി 09 മുതൽ 11** വരെ രാവിലെ 10 മണി മുതൽ മൂന്നു ദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു. **റബ്ബർപാലിൽനിന്നുള്ള ഉത്പന്നങ്ങളുടെ നിർമ്മാണമേഖലയിലെ സാധ്യതകൾ, ലാറ്റക്സ് കോമ്പൗണ്ടിങ്, എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ** തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ പരിശീലനം നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 – 2353127** എന്ന ഫോൺ നമ്പറിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.